രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് പിൻവലിച്ച കേസ്സുകൾ

29 (308) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ആരൊക്കെ പ്രതികളായിട്ടുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കൊലപാതക കേസുകൾ

30 (310) ശ്രീ. എം. മുരളി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പേർ കൊല്ലപ്പെട്ടു;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടിക്കാൻ കഴിഞ്ഞു;

(സി) 2007, 2008, 2009, 2010 നവംബർ 30 വരെ യഥാക്രമം എത്ര കൊലപാതകങ്ങളാണ് നടന്നത് എന്ന് പറയുമോ?

ഉത്തരം

(എ) 1751 പേർ കൊല്ലപ്പെട്ടു.

(ബി) 1507 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) 2007-ൽ 387-ഉം, 2008-ൽ 383-ഉം, 2009-ൽ 364-ഉം, 2010 നവംബർ 30 വരെ 332-ഉം കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

കൊലപാതക കേസുകളിലെ പ്രതികൾ

31 (311) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് നടന്ന കൊലപാതകക്കേസുകളിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇനിയും എത്ര കേസുകളിലെ പ്രതികളെ പിടികൂടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ നടന്ന എത്ര കവർച്ചാ കേസുകളിൽ പ്രതികളെ പിടികൂടിയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly